# Malayala Manorama
# 29 August 2018
# Thiruvananthapuram, After Flood, Schools

## സ്കൂളുകൾ ഇന്നു തുറക്കും

### എറണാകുളം ജില്ലയിൽ തുറക്കാത്ത സ്കൂളുകൾ ഏഴ്

തിരുവനന്തപുരം● പ്രളയവും ഓണാവധിയും കഴിഞ്ഞു കുട്ടികൾ ഇന്നു സ്കൂളുകളിലേക്ക്. മിക്ക ജില്ലകളിലും സ്കൂളുകളിലെ ദുരിതാശ്വാസ ക്യാംപുകൾ അടച്ചു, ശുചീകരണവും പൂർത്തിയാക്കി.

ഇന്നു തുറക്കാത്ത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇങ്ങനെ- ആലപ്പുഴയിൽ 216, പത്തനംതിട്ടയിൽ 10, എറണാകുളത്തും തൃശൂരും ഏഴുവീതം, മലപ്പുറത്ത് രണ്ട്, കോട്ടയത്ത് ഒന്ന്.

ആലപ്പുഴ ജില്ലയിൽ ദുരിതാശ്വാസ ക്യാംപ് പ്രവർത്തിക്കുന്ന 118 സ്കൂളുകളും വൃത്തിയാക്കാനാകാത്ത 98 സ്കൂളുകളും തിങ്കളാഴ്ചയോടെ തുറക്കാനാണു ശ്രമം.

പത്തനംതിട്ടയിൽ ക്യാംപ് പ്രവർത്തിക്കുന്ന 10 സ്കൂളുകൾക്ക് ഇന്ന് അവധി നൽകി. എറണാകുളം ജില്ലയിലെ ഏഴു സ്കൂളുകൾ ശുചിമുറികളുടെ പുനർനിർമാണം കൂടി പൂർത്തീകരിച്ചു വെള്ളിയാഴ്ച തുറക്കും.

തൃശൂരിൽഏഴു സ്കൂളുകൾക്കു വെള്ളിയാഴ്ച വരെ അവധി നൽകി. മലപ്പുറത്തു രണ്ടു സ്കൂളുകൾ കെട്ടിട ബലക്ഷയം മൂലവും കോട്ടയത്ത് ഒരു സ്കൂൾ വെള്ളമിറങ്ങാത്തതു മൂലവുമാണു തുറക്കാത്തത്.